# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1716 — 03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പോറ്റി വളർത്തൽ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി :<br>" ഒ.ആർ.കേളു<br>" എ.എൻ.ഷംസീർ<br>" ബി.സത്യൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ജില്ല ശിശുക്ഷേമ യൂണിറ്റുകൾ നടത്തുന്ന 'പോറ്റി വളർത്തൽ പദ്ധതി'യുടെ ലക്ഷ്യങ്ങൾ എന്തൊക്കയാണ് ; | (എ) കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റു ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിക്കാത്ത കട്ടികൾക്ക് അവരെ സ്വീകരിക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റു കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിക്കാൻ അവസരമൊരുക്കി കൊടുക്കുകയാണ് പോറ്റി വളർത്തൽ പദ്ധതിയുടെ ലക്ഷ്യം |
| (ബി) എന്തൊക്കെ നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത് ; | (ബി) സമ്മർ വെക്കേഷൻ സമയത്ത് ചില ജില്ലകളിൽ വെക്കേഷൻ പോറ്റി വളർത്തൽ പദ്ധതി പരീക്ഷിച്ചുനോക്കിയിട്ടുള്ളതാണ്. ചിൽഡ്രൻസ് ഹോമുകളിൽ നിന്നും വെക്കേഷൻ പോറ്റി വളർത്തൽ പദ്ധതി അനുസരിച്ച് മറ്റ് കുടുംബങ്ങളിൽ സംരക്ഷിക്കപ്പെട്ട കട്ടികൾക്ക് ആഹ്ലാദകരമായ രീതിയിൽ വെക്കേഷൻ കാലം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് കട്ടികൾക്കുമാത്രമല്ല അവരെ താല്പര്യപൂർവ്വം സംരക്ഷിച്ച ഫോസ്റ്റർ രക്ഷിതാക്കൾക്കും ആഹ്ലാദകരമായിരുന്നു. സംസ്ഥാനമൊട്ടാകെ 110 കട്ടികളെ വെക്കേഷൻ പോറ്റി വളർത്തൽ പദ്ധതിക്കു നൽകി. അതിൽ 97 കുട്ടികൾ വിജയകരമായി പോറ്റി വളർത്തൽ കാലയളവ് പൂർത്തിയാക്കി. |
| (സി) ഇതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | (സി)<br>1. പോറ്റി വളർത്തൽ പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി അതതു ജില്ലയിലെ സി.ഡബ്ല്യൂ.സി.യിൽ നിന്നും വാങ്ങണം.<br>2. സി.ഡബ്ല്യൂ.സി.യുടെ അനുമതി ലഭ്യമായാൽ പോറ്റി വളർത്തൽ പദ്ധതിക്ക് നിയോഗിക്കാൻ സാധിക്കുന്ന കട്ടികളെ കണ്ടുപിടിക്കണം.<br>3. കട്ടികൾക്ക് ഹ്രസ്വകാലയളവിലേയ്ക്ക് എല്ലാ വിധ സംരക്ഷണവും നല്കി സന്തോഷ കരമായ ജീവിതം നൽകാൻ താല്പര്യവും പ്രാപ്തിയുമുള്ള രക്ഷിതാക്കളെ കണ്ടെത്തണം.<br>4. കട്ടികളെ ഏറ്റെടുത്തു സംരക്ഷിക്കാൻ താല്പര്യ |

പ്രകടിപ്പിച്ച രക്ഷിതാക്കളെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി അവരുടെ സംരക്ഷണയിൽ കുട്ടികൾ സുരക്ഷിതരായിരിക്കുമെന്ന് ഉറപ്പ് വരുത്തണം.

5. സി.ഡബ്ല്യു.സി.യുടെ അനുമതി വാങ്ങി കുട്ടികളെ പോറ്റി വളർത്തൽ പദ്ധതിക്ക് നിയോഗിക്കണം.
6. പോറ്റി വളർത്തൽ പദ്ധതിക്ക് വിടുന്നതിനുമുമ്പ് കുട്ടികളുടെ ആരോഗ്യസ്ഥിതി വിലയിരുത്തണം. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗും നല്കണം.
7. കുട്ടികളെ പോറ്റി വളർത്തൽ പദ്ധതി പ്രകാരം കുടുംബങ്ങളിൽ വിട്ടാൽ ഡി.സി.പി.യു.വിലെ ഉദ്യോഗസ്ഥരുടെ സൂക്ഷ്മ നിരീക്ഷണം അത്യാവശ്യമാണ്. ഡി.സി.പി.യു.വിലെ ഉദ്യോഗസ്ഥർ ക്രമമായി കുടുംബങ്ങൾ സന്ദർശിക്കേണ്ടതും ഫോസ്റ്റർ രക്ഷിതാക്കളോടൊപ്പം കഴിയുന്ന കുട്ടികൾ സുരക്ഷിതരാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
8. പോറ്റി വളർത്തൽ പദ്ധതിയിൽ കഴിയുന്ന കുട്ടികളെക്കുറിച്ചുള്ള റിപ്പോർട്ട് ആഴ്ചതോറും സി.ഡബ്ല്യു.സി.യ്ക്കും സ്ഥാപന സൂപ്രണ്ടും നൽകണം.
9. പോറ്റി വളർത്തൽ പദ്ധതി പ്രകാരം മറ്റു കുടുംബങ്ങളിൽ കഴിയുന്ന കുട്ടികളെ സന്ദർശിക്കാൻ അവരുടെ യഥാർത്ഥ മാതാപിതാക്കൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.
10. പോറ്റി വളർത്തൽ പദ്ധതി ആരും ദുരുപയോഗം ചെയ്യുന്നില്ലായെന്ന് ജില്ലാ ശിശുസംരക്ഷണ ഓഫീസർ ഉറപ്പ് വരുത്തണം.
11. പോറ്റി വളർത്തൽ പദ്ധതിക്ക വിട്ടിട്ടുള്ള കുട്ടികളുടെ വ്യക്തിഗത ശ്രദ്ധ പദ്ധതി (Individual Care Plan) യിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം.
12. സ്ഥാപന സൂപ്രണ്ട് അടുത്തുകൂടുന്ന മാനേജിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അവതരിപ്പിക്കുകയും പോറ്റി വളർത്തൽ പദ്ധതിക്ക വിട്ടിട്ടുള്ള കുട്ടികളുടെ അവസ്ഥ അറിയിക്കുകയും വേണം.

സെക്ഷൻ ഓഫീസർ